മെയ്സ് 2014

224 (3378) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. ടി. ജോർജ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിനോദസഞ്ചാരവും മന്ത്രി ദയവായി മറുപടി നൽകുമോ:

(എ) "മെയ്സ് 2014" സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തൊക്കെ ഉദ്ദേശലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്തൊക്കെ ആശയങ്ങളാണ് സമിറ്റ് വഴി മുന്നോട്ട് വച്ചത്;

(ഡി) എന്തൊക്കെ തുടർ നടപടികളാണ് ഇതിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തൊക്കെ?

ഉത്തരം

(എ) 2014 സെപ്റ്റംബറിൽ 'മെയ്സ്' സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്കുവേണ്ട സഹായങ്ങൾ നൽകുന്നതിനുമായി 2011-ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എന്റർപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി/യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്. കേരളത്തിന്റെ വിവിധ മേഖലകളിൽ വിജയം കൈവരിച്ചിട്ടുള്ള സംരംഭകരും യുവ സംരംഭകരും അവരുടെ അനുഭവങ്ങൾ പ്രസ്തുത സംഗമത്തിൽ പങ്കുവച്ചു. വിവിധ മേഖലകളിലുള്ള സംരംഭകത്വ ആശയങ്ങളുമായി സംസ്ഥാനത്തിന്റെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ ഏകദേശം 4000-ത്തോളം യുവതിയുവാക്കളാണ് യുവസംരംഭകത്വ സംഗമത്തിൽ പങ്കെടുത്തത്.

(ബി) 2014 സെപ്റ്റംബർ 12-ാം തീയതി കൊച്ചിയിൽ വച്ച് നടത്തിയ 'യുവ സംരംഭക സംഗമത്തിന്റെ' ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക.
- യുവതലമുറയെ തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക.

LIBRARY ARCHIVES Kerala Legislative Assembly

- യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.
- കേരളത്തെ യുവസംരംഭകരുടെ സംരംഭകത്വ കേന്ദ്രമാക്കി മാറ്റുക.
- സംരംഭകരുടെ നൂതന ആശയങ്ങളുടെ പ്രദർശനത്തിനായുള്ള വേദിയൊരുക്കുക.

(സി&ഡി) യുവ സംരംഭകത്വ സംഗമം 2014-ന്റെ ഭാഗമായി യുവ/വിദ്യാർത്ഥി സംരംഭകർ അവരുടെ അതിനൂതനമായ ആശയങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസരം നൽകുകയുണ്ടായി. ഇതിന്റെ ഭാഗമായി അഗ്രികൾച്ചർ & ഫുഡ് പ്രോസസിംഗ്, ഇലക്ട്രോണിക്സ് & ഡിജിറ്റൽ മീഡിയ, ഹെൽത്ത് കെയർ & ലൈഫ് സയൻസ്, ബിസിനസ് ഇന്നവേഷൻ & ഗ്രീൻ ടെക്നോളജി, ടൂറിസം & ഹോസ്പിറ്റാലിറ്റി, മാനുഫാക്ചറിംഗ്, ഇൻഫർമേഷൻ ടെക്നോളജി തുടങ്ങി ഏഴ് മേഖലകളിൽനിന്നായി ഏകദേശം അഞ്ഞൂറോളം ആശയങ്ങളാണ് ലഭിച്ചത്. ഇവയിൽനിന്നും തെരഞ്ഞെടുത്ത മികച്ച പത്ത് ആശയങ്ങൾക്ക് അവാർഡും നൽകുകയുണ്ടായി. യുവസംരംഭക സംഗമത്തിൽ പങ്കെടുത്ത യുവസംരംഭകർ മുന്നോട്ടുവച്ച അടിസ്ഥാന ആവശ്യങ്ങൾ ഇൻകുബേഷൻ സ്പേസ്, മെന്ററിംഗ്, ആശയങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസരം, സാമ്പത്തിക സഹായം എന്നിവയാണ്. മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

- സാമ്പത്തിക സഹായം-വിദ്യാർത്ഥി/യുവസംരംഭകരിൽനിന്നും അവരുടെ നൂതന ആശയങ്ങൾ സമാഹരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി ഏകദേശം എഴുപതോളം ആശയങ്ങളാണ് കെ.എസ്.ഐ.ഡി.സി.-യിൽ ലഭിച്ചത്. ഇവയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട നാല് നൂതന ആശയങ്ങൾക്ക് 25.00 ലക്ഷം രൂപ വീതം ധനസഹായം നൽകുകയുണ്ടായി. വിദ്യാർത്ഥി/യുവസംരംഭകരുടെ അനവധി നൂതന ആശയങ്ങളുടെ സൂക്ഷ്മപരിശോധന നടന്നുവരുന്നു. അവയ്ക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
- മെന്ററിംഗ്-ആവശ്യമായ മെന്ററിംഗ് നൽകുന്നതിലേക്കായി കെ.എസ്.ഐ.ഡി.സി.-യും ടെക്നോപാർക്കും എന്നീ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഒട്ടാകെയുള്ള എഞ്ചിനീയറിംഗ് ഇതര കോളേജ് വിദ്യാർത്ഥികളിൽ സംരംഭകത്വ അഭിമുഖ്യം വളർത്തിയെടുക്കുന്നതിനായി ശില്പശാലകളും സെമിനാറുകളും സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കേരള പോലീസുമായി സഹകരിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്റ്റുഡന്റ്സ്

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് കേഡറ്റുകൾക്ക് സാരംഭകത്വത്തിൽ അവബോധവും പരിശീലനവും നൽകുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

ഇൻക്യുബേഷൻ സ്പേസ്/സ്റ്റാർട്ട് ഡെവലപ്മെന്റ് സെന്റർ യുവസംരംഭകർക്കായി എറണാകുളം ജില്ലയിൽ കെ.എസ്.ഐ.ഡി.സി.-യുടെ ഇൻക്യുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ എരുമേലി എം.ഇ.എസ്. കോളേജിൽ ഒരു സ്റ്റാർട്ട് ഡെവലപ്മെന്റ് സെന്ററും ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ ഇൻക്യുബേഷൻ സെന്ററും പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇൻക്യുബേഷൻ സെന്റർ പ്രവർത്തനസജ്ജമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യിൽനിന്നും സഹായം അഭ്യർത്ഥിച്ചിട്ടുള്ള നോൺ ഐ.ടി. വിഭാഗത്തിൽപ്പെട്ട കോളേജുകൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

നിംസ് (NIMZ) പ്രോജക്ട്

225 (3379) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ചറിംഗ് സോണിൽ ഉൾപ്പെടുന്ന ജില്ലകൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കാമോ;

(ബി) വ്യാവസായിക വികസനത്തിന് നിംസ് (NIMZ) പ്രോജക്ട് ഏതെല്ലാം വിധത്തിൽ പ്രയോജനപ്പെടുന്നു എന്ന് വിശദീകരിക്കാമോ;

(സി) നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ചറിംഗ് സോണിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രോജക്ടിനായി എത്ര തുകയാണ് നീക്കി വെച്ചത്; അതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-ഡി) സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച കൊച്ചി പാലക്കാട് നിംസ് പദ്ധതിയിൽ എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളാണ് ഉൾപ്പെട്ടിരുന്നത്. എന്നാൽ പദ്ധതിക്കുവേണ്ടി കണ്ടെത്തിയ 5200 ഹെക്ടർ സ്ഥലം തുടർച്ചയായുള്ളതല്ലെന്നും അങ്ങിങ്ങായി പലയിടങ്ങളിലുള്ള സ്ഥലമായതുകൊണ്ട് അനുമതി നൽകാനാകില്ലെന്നും കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. ഇത്തരത്തിൽ സാങ്കേതികമായ ബുദ്ധിമുട്ടുള്ളതിനാൽ നിംസ് പദ്ധതിയുമായി മുന്നോട്ടുപോകാൻ സംസ്ഥാന സർക്കാരിനു കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly